കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – സംസ്ഥാന ക്ഷീരസംഗമം 2018 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 3856/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 30/11/2017

പരാമർശം:- ബഹു. വനം,മൃഗസംരക്ഷണം,ക്ഷീരവികസനം, മൃഗശാല വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ 16/11/2017 ലെ 9556/PS/M(F,A,D&Z)/2017 നമ്പർ കത്ത്.

ഉത്തരവ്

ഈ സാമ്പത്തിക വർഷത്തെ സംസ്ഥാന ക്ഷീരസംഗമം 2018 ഫെബ്രുവരി മാസം കോഴിക്കോട് ജില്ലയിൽ വടകരയിൽ നടത്താൻ തീരുമാനിച്ചിരിക്കുകയാണെന്നും വിവിധ പരിപാടികളോടെ നടത്തുന്ന സംസ്ഥാന ക്ഷീരസംഗമത്തിന്റെ സുഗമമായ നടത്തിപ്പിന് ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും, മേള നടക്കുന്ന കോഴിക്കോട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോഴിക്കോട് കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവടങ്ങളിൽ നിന്നും ധനസഹായം ലഭ്യമാക്കണമെന്നും പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ വടകരയിൽ വെച്ച് 2018 ഫെബ്രുവരി മാസം നടത്തുന്ന സംസ്ഥാന ക്ഷീരസംഗമം എന്ന പരിപാടിയുടെ സുഗമമായ നടത്തിപ്പിന് കേരളത്തിലെ മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് 5,000/ (അയ്യായിരം) രൂപ വീതവും, കോഴിക്കോട് ജില്ലയിലെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് 5,000 (അയ്യായിരം) രൂപ വീതവും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ/കോർപ്പറേഷൻ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
പ്രസിഡന്റ്/ സെക്രട്ടറി, കോഴിക്കോട് ജില്ലാ പഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ